# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3868

21.06.2019 ൽ മറുപടിക്ക്

### നാളികേര വികസന പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽ നാളികേര വികസന പാർക്കിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്; | (എ) & (ബി) | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽ നാളികേര വികസന പാർക്കിനായി, 2012 ൽ 115 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ആയതിനായി 14.60 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. |
| ബി) | ഏത് വർഷമാണ് ഭൂമി ഏറ്റെടുത്തതെന്നും ഭൂമി വാങ്ങുന്നതിനായി എത്ര രൂപയാണ് ചെലവ് വന്നതെന്നും അറിയിക്കുമോ; | | |
| (സി) | ഏറ്റെടുത്ത സ്ഥലം പാർക്കിനായി വികസിപ്പിച്ചെടുക്കാൻ നാൽപ്പത്തി രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായോ; | (സി) | ടി പദ്ധതിയ്ക്കായി 42 കോടി രൂപയുടെ ഭരണാനുമതി 2014 ൽ നല്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ഡി) | പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയെങ്കിലും സ്ഥലം ഉടമകൾ ഭൂമിയ്ക്ക് അധിക വില നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചതിനാൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന കാര്യങ്ങൾക്ക് തീരുമാനം ഉണ്ടായതിനുശേഷം മാത്രം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | ഭൂമി ഇപ്പോൾ കെ.എസ്.ഐ.ഡി.സി. യുടെ കൈവശമാണോ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ഇ) | പ്രസ്തുത ഭൂമി ഇപ്പോൾ കെ.എസ്.ഐ.ഡി.സി യുടെ കൈവശമാണുള്ളത്. |
| (എഫ്) | എങ്കിൽ നാളികേര ഉൽപാദനം, വിപണനം, സംസ്കരണം എന്നിവ മെച്ചപ്പെടുത്താൻ പ്രസ്തുത പാർക്കിനെ ഏതുവിധേന ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (എഫ്) | നാളികേര കർഷകർക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുക എന്നതാണ് നാളികേര വികസന പാർക്കിന്റെ ലക്ഷ്യം. ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, റോഡ് മുതലായവയും നിക്ഷേപകർക്ക് ആവശ്യമായ ഭൂമി/ കെട്ടിടം എന്നിവയും പാർക്കിൽ സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ